**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3732** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികഗോത്ര വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഷാഫി പറമ്പിൽ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോവിഡ് കാലത്ത് പട്ടികജാതി പട്ടികഗോത്ര വർഗ്ഗത്തിൽപെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്താൻ പുതുതായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കുമോ; | (എ) | ഇന്റർനെറ്റ്/ഡി.റ്റി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യ പഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. ഓൺലൈൻ പഠന കേന്ദ്രങ്ങൾ, ഏകാധ്യാപക വിദ്യാലയങ്ങൾ, നേഴ്സറി സ്കൂളുകൾ, MGLC (മൾട്ടിഗ്രേഡ് ലേണിംഗ് സെന്റർ) -കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്/ ഡി.റ്റി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അധ്യാപകർ, ഫെസിലിറ്റേറ്റർമാർ, മെന്റർ ടീച്ചർമാർ എന്നിവർ മുഖേന വിക്ടേഴ്സ് ചാനലിൽ ലഭ്യമായ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി അവരുടെ പഠനത്തെ സഹായിക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദ വിവരങ്ങൾ തുടർ നടപടികൾക്കായി ഐ.റ്റി. വകുപ്പിനും ഡിജിറ്റൽ പഠനോപകരണങ്ങൾ ആവശ്യമായ വിദ്യാർത്ഥികളുടെ പട്ടിക പൊതുവിദ്യാഭ്യാസ വകുപ്പിനും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്ലസ് ടു പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനത്തിന് ധനസഹായം അനുവദിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉണ്ട്. 2018-19 അദ്ധ്യയന വർഷം മുതൽ ധനസഹായം നൽകിവരുന്നു. പ്ലസ് ടു-വിന് B+ ൽ കുറയാത്ത ഗ്രേഡ് വാങ്ങി സയൻസ്, ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾ പാസായിട്ടുള്ളവരും വാർഷിക വരുമാനപരിധി 6 ലക്ഷം രൂപയിൽ അധികരിക്കാത്ത വരുമാനമുള്ളവരുടെ മക്കൾക്കും ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കാവുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിൽ പ്ലസ്-2 വിന് സയൻസ് |

| | | | |
|---|---|---|---|
| | | | വിഷയമായെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഒന്നാം വർഷ പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ ഹ്രസ്വകാല എൻട്രൻസ് കോച്ചിംഗ് (ക്രാഷ് കോഴ്സ്) നൽകി വരുന്നുണ്ട്. ഇതു കൂടാതെ പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കുള്ള ദീർഘകാല എൻട്രൻസ് പരിശീലനവും നൽകി വരുന്നുണ്ട്. |
| (സി) | പ്രസ്തുത പരിശീലനത്തിന്റെ കാര്യക്ഷമത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (സി) | പ്രസ്തുത പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങളുടെ കാര്യക്ഷമത ജില്ലാ കളക്ടറും ജില്ലാ പട്ടികജാതി വികസന ഓഫീസറും ചേർന്ന സമിതി പരിശോധിച്ച ശേഷമാണ് പരിശീലന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. പരിശീലനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പട്ടിക വർഗ്ഗ വികസന വകുപ്പ് കാര്യക്ഷമത വിലയിരുത്തി വരുന്നുണ്ട്. |
| (ഡി) | (ഡി) വിദേശ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് അനുവദിക്കുന്നത്? | (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദേശ പഠനത്തിന് അർഹരായ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിസ ചാർജ്ജ്, എയർ ഫെയർ ചാർജ്ജ്, ഹെൽത്ത്/മെഡിക്കൽ ഇൻഷുറൻസ് ചാർജ്ജ് എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു. ഇപ്രകാരം നൽകുന്ന പരമാവധി തുക 25 ലക്ഷം രൂപയാണ്. |

സെക്ഷൻ ഓഫീസർ